# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 454

27/09/2011-ൽ മറുപടിക്ക്

## ആശ്രയ പദ്ധതി പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ഡോ. എം. കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) അഗതി പുനരധിവാസം ലക്ഷ്യമാക്കി സർക്കാർ രൂപം നൽകിയ ആശ്രയ പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് നിലവിൽ 933 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആശ്രയ പദ്ധതി നടപ്പാക്കി വരുന്നു. 31 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആശ്രയ പദ്ധതി നടപ്പിലാക്കാൻ അംഗീകാരത്തിനായി സമർപ്പിച്ച പദ്ധതികൾ സർക്കാർ പരിശോധിച്ചുവരുന്നു. ഇനി 86 തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി സമർപ്പിക്കേണ്ട തായുണ്ട്. ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. സമൂഹത്തിന്റെ മുഖ്യധാരയിൽ ഇടം ലഭി ക്കാത്ത നിരാലംബരായ കുടുംബ ങ്ങളെ കണ്ടെത്തി അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, ചികിത്സ അടിസ്ഥാന സൗകര്യങ്ങളായ വീട്, ശുദ്ധജലം, ശുചിത്വ സംവിധാനം, അടിസ്ഥാന അവകാശങ്ങളായ വിദ്യാഭ്യാസം, തൊഴിലവസരങ്ങൾ, വ്യക്തിത്വ വികസനം തുടങ്ങിയ പരിചരണ സേവനങ്ങളും ആശ്രയ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്കു നൽകി വരുന്നു |
| (ബി) എത്ര പഞ്ചായത്തുകളിൽ പദ്ധതിക്ക് ഇതിനകം തുടക്കം കുറിച്ചു; എത്ര പേരെ പുനരധിവസിപ്പിച്ചു; | (ബി) ആശ്രയ പദ്ധതി നിലവിൽ 933 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. പദ്ധതി മുഖാന്തിരം 73565 ഗുണഭോക്താക്കളെ പുനരധിവസിപ്പിക്കാൻ സാധിച്ചു. |
| (സി) പദ്ധതിക്കായി എത്ര തുക ചെലവഴിക്കും; പദ്ധതി നടപ്പാ ക്കുന്നതിൽ വൈമുഖ്യം കാണിക്കുന്ന പഞ്ചായത്തു കളോടുള്ള സർക്കാർ സമീപനം എന്തായിരിക്കും; വിശദാംശങ്ങൾ വ്യക്തമാക്കു മോ? | (സി) നിലവിൽ പദ്ധതി ആരംഭിച്ചിട്ടുള്ള 933 തദ്ദേശഭരണ സ്ഥാപനങ്ങളുടെ 421.64 കോടി രൂപ അടങ്കൽ വരുന്ന പദ്ധതികളിൽ 90.66 കോടി രൂപ കുടുംബശ്രീ ചലഞ്ച് ഫണ്ടിനത്തിൽ നൽകിയിട്ടുണ്ട്. പദ്ധതി ഏറ്റെടുക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ നൽകേണ്ട സഹായത്തിനും സംരക്ഷണത്തിനുമായുള്ള ആശ്രയ പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ നടപ്പാക്കണമെന്നും അല്ലെങ്കിൽ ഇത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് |

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ലഭ്യമാകുന്ന വികസന ഫണ്ട് ആശ്രയ പ്രോജക്ട് സമർപ്പിക്കുന്ന മുറയ്ക്കു മാത്രം ലഭ്യമാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടി വരുമെന്ന് പ്രസ്തുത തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷ ന്മാരെ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ